കാലിക്കറ്റ് സർവ്വകലാശാല
ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്
<u>പത്രക്കുറിപ്പ്</u>

2021-23 വർഷത്തേക്കുള്ള ബി.എഡ് പ്രവേശനത്തിന്റെ ഒന്നാമത്തെ അലോട്ട്മെന്റും സ്പെഷ്യൽ ബി.എഡ്. പ്രവേശനത്തിന്റെ റാങ്ക്‌ലിസ്റ്റും https://admission.uoc.ac.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ, താഴെ പ്രതിപാദിച്ചിട്ടുള്ള മാൻഡേറ്ററിഫീസ് അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

- എസ് സി/ എസ് ടി / ഒ.ഇ.സി-എസ്.സി / ഒ.ഇ.സി -എസ് ടി/ ഒ.ഇ.സി-ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ : 115/- രൂപ
- മറ്റുള്ളവർ : 480/- രൂപ
-

അലോട്ട്മെന്റ് ലഭിച്ചവർ മാൻഡേറ്ററി ഫീസ് അടയ്ക്കേണ്ടതാണ്. ഫീസ് അടച്ചവർ അവരുടെ ലോഗിനിൽ മാൻഡേറ്ററി ഫീ പേയ്മെന്റ് ഡീറ്റെയിൽസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാൻഡേറ്ററി ഫീസ് അടയ്ക്കുന്നതിനുള്ള ലിങ്ക് 03.11.2021 വരെ ലഭ്യമാവും.

അലോട്ട്മെന്റ് ലഭിച്ച് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മാൻഡേറ്ററി ഫീസ് അടയ്ക്കാത്തവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്.

ഫസ്റ്റ് ഓപ്ഷൻ ലഭിച്ചവരും, ലഭിച്ച ഓപ്ഷനിൽ തൃപ്തരായവരും (ഹയർ ഓപ്ഷൻ മുഴുവനും റദ്ദ് ചെയ്തു) അഡ്മിറ്റ് കാർഡ് പ്രിന്റ് എടുത്ത് 01.11.2021 മുതൽ 03.11.2021 നകം കോളേജുകളിൽ സ്ഥിര പ്രവേശനം നേടേണ്ടതാണ്. അഡ്മിറ്റ് കാർഡിൽ ലഭ്യമാവുന്ന കോളേജിന്റെ നമ്പറിൽ നിന്നും പ്രവേശന തിയതിയും സമയവും അന്വേഷിക്കാവുന്നതാണ്.

ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷൻ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല.

ഹയർ ഓപ്ഷനുകൾ റദ്ദാക്കുന്നതിന് വിദ്യാർത്ഥികൾക്ക് സ്വന്തം ലോഗിനിൽ സൗകര്യം ലഭ്യമാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യുന്നവർ നിർബന്ധമായും പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്നവർ ഫസ്റ്റ് അല്ലോട്മെന്റിൽ കോളേജുകളിൽ പ്രവേശനം നേടേണ്ടതില്ല.

കോളേജ് കണ്ടൈൻമെൻറ് പരിധിയിൽ ആണെങ്കിലോ, വിദ്യാർഥികൾ ക്വാറന്റൈനിൽ ആണെങ്കിലോ കോളേജിൽ പ്രവേശനത്തിന് ഹാജരാവാൻ സാധിക്കാതെ വരുന്ന പക്ഷം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പ്രവേശന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

സ്പെഷ്യൽ ബി എഡ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ റാങ്ക് അനുസരിച്ച കോളേജിന്റെ നിർദേശപ്രകാരം 01.11.2021 മുതൽ 03.11.2021 വരെ പ്രവേശനം നേടേണ്ടതാണ് . സ്പെഷ്യൽ ബി എഡ് പ്രവേശനത്തിന് മാൻഡേറ്ററിഫീസ് അടക്കേണ്ടതില്ല.
ഒന്നാം സെമസ്റ്റർ ക്ലാസുകൾ 03.11.2021 ന ആരംഭിക്കുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
31.10.2021